# രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങൾ സംക്ഷിപ്തരൂപത്തിൽ

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

**ഒന്നാം ഭാഗം**

രണ്ടു സഹസ്രാബ്ദങ്ങൾ നീളുന്ന തിരുസഭയുടെ ഗതകാല ചരിത്രത്തിലെ ഏറ്റവും വലിയ സഭാസംഭവമായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ്. ഇരുപതാം നൂറ്റാണ്ടിലെ തിരുസഭയ്ക്ക് വലിയ സന്തോഷവും ശരിയായ ദിശാബോധവും പകർന്നു നല്കിയ പൊതുസൂനഹദോസായിരുന്നു ഇത്. ഈ സാർവ്വത്രികസൂനഹദോസിന്റെ പ്രബോധനങ്ങൾ പതിനാറു പ്രമാണ രേഖകളിലായി നമുക്കു ലഭിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ കഴിഞ്ഞ 20 ലക്കങ്ങളിലായി നാം പഠിക്കാൻ ശ്രമിക്കുകയായിരുന്നു. മേല്പറഞ്ഞ പതിനാറു രേഖകളിലൂടെ നമുക്ക് ലഭിച്ച വിശ്വാസപ്രബോധനങ്ങളിൽ പ്രധാനപ്പെട്ടവമാത്രം അഞ്ചു തലക്കെട്ടുകളിലായി ചുരുക്കി പ്രതിപാദിച്ച് ഈ പഠനപരമ്പര അവസാനിപ്പിക്കുകയാണ്.

**1. രണ്ടാം വത്തിക്കാൻ കൗൺസിൽ, അപ്രതീക്ഷിതമായ വസന്തത്തിൽ വിരിഞ്ഞ പുഷ്പം:**

വലിയ മുക്കുവന്റെ ശുശ്രൂഷാസ്ഥാനം ഏറ്റെടുത്തതിന്റെ തൊണ്ണൂറാം ദിനത്തിൽ വളരെ അപ്രതീക്ഷിതമായിട്ടാണ് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പാ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നത്. ശ്രോതാക്കൾക്ക് ഈ വാർത്ത അപ്രതീക്ഷിതമായിരുന്നുവെങ്കിലും പരിശുദ്ധാത്മാവിനാൽ പൂർണ്ണമായും നയിക്കപ്പെട്ട ഒരു സൂനഹദോസായിരുന്നു ഇത്. കൗൺസിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങളിലേക്ക് തിരുസഭയെ പരിശുദ്ധാത്മാവ് തുടർന്നും അനവരതം നയിച്ചുകൊണ്ടിരിക്കുന്നു. തിരുസഭ എന്താണെന്നും തിരുസഭയിൽ നാം ആരാണെന്നും തിരുസഭയ്ക്ക് ലോകത്തിലുള്ള ദൈവികനിയോഗം എന്തെന്നും നമ്മെ അനുസ്മരിപ്പിച്ച്, സഭയ്ക്ക് അകത്തും പുറത്തും കാതലായ മാറ്റങ്ങൾക്ക് ഈ സൂനഹദോസ് കാരണമായി. സഭയുടെ ജനാലകൾ മലർക്കെ തുറന്നിടാനും സഭാമക്കളുടെ ജീവിതത്തിലേക്ക് ശുദ്ധവായു പ്രവേശിക്കാനും കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം മുതൽ പത്രോസിന്റെ സിംഹാസനത്തിൽ പുരണ്ടിരുന്ന പൊടിപടലങ്ങൾ തട്ടിക്കളഞ്ഞ് അതിനെ വിമലീകരിക്കാനും കൗൺസിൽ പ്രബോധനങ്ങൾ സഹായകമായി. ആദിമസഭയുടെ പൊതുപൈതൃകത്തിൽ (the undivided tradition of the preNicene Church) ഊന്നിനിന്നുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിലും സഭാപിതാക്കന്മാരിലും ആരാധനാക്രമങ്ങളിലും അധിഷ്ഠിതമായ ദൈവശാസ്ത്ര ഉറവിടങ്ങളിലേക്കു മടങ്ങിപ്പോകുവാൻ ഒരു ചാലകശക്തിയായി കൗൺസിൽ പ്രബോധനങ്ങൾ വർത്തിക്കുന്നു. പ്രസ്തുത ആധികാരിക ദൈവശാസ്ത്ര ഉറവിടങ്ങളുടെ വെളിച്ചത്തിൽ ഇന്നത്തെ സഭാജീവിതത്തെ നവീകരിക്കുവാനും വിശ്വാസജീവിതത്തെ ആധുനിക സ്ഥലകാലസാഹചര്യങ്ങളോട് അനുരൂപപ്പെടുത്തുവാനും (restoration, renewal and adaptation) ആണ് കൗൺസിൽ പിതാക്കന്മാർ ആഗ്രഹിച്ചത്. തികച്ചും അജപാലനപരവും

സുവിശേഷ ലാളിത്യം നിറഞ്ഞുതുളുമ്പുന്നതുമായ പ്രബോധനങ്ങളാണ് പിതാക്കന്മാർ നമുക്കു നൽകുന്നത്. അവരുടെ മനസ്സും മനസ്സാക്ഷിയും തിരിച്ചറിഞ്ഞ് കൗൺസിൽ പ്രബോധനങ്ങൾ മുഴുവനും നന്നായി വായിച്ച്, ശരിയായി മനസ്സിലാക്കി, അവയെ സമകാലികമായി വ്യാഖ്യാനിക്കുകയാണ് നമ്മുടെ ദൗത്യം. ഇതിന് തുടർച്ചയുടെ രീതി ശാസ്ത്രമാണ് (hermeneutics of continuity). പരിശുദ്ധ പിതാവ് ബനഡിക്ട് മാർപാപ്പാ നിർദ്ദേശിച്ചു നല്കുന്നത്. കൗൺസിൽ പ്രമാണരേഖകൾ അതിൽത്തന്നെ ലക്ഷ്യങ്ങളല്ല; ലക്ഷ്യം പ്രാപിക്കുവാനുള്ള മാർഗ്ഗരേഖയും വഴികാട്ടിയുമാണ് (not the destination, but manuals for navigation). സത്യപ്രബോധനത്തിന്റെ ഉറവയും നിലവറയുമായ ഈ പ്രമാണരേഖകളിലൂടെ സത്യവിശ്വാസത്തിന്റെ തെളിനീർ ഒഴുകുന്നു. അവയിൽനിന്നും നന്നായി പഠനം ചെയ്ത്, കൗൺസിൽ ലക്ഷ്യം വച്ച ആത്മബോധവും നവീകരണവും അനുരൂപണവും കൂട്ടായ്മയും സംവാദവും സാധിതമാക്കുവാൻ വിശ്വാസികൾക്കു കഴിയണം.

**2. ഈശോമിശിഹാ ദൈവികവെളിപാടിന്റെ പൂർണ്ണത:**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മുഴുവൻ പ്രബോധനങ്ങളുടെയും അടിത്തറയായി വർത്തിക്കുന്ന ഒരു ചിന്തയാണിത്. ദൈവത്തെ തേടുന്ന മനുഷ്യന് ദൈവം പടിപടിയായി തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഈ വെളിപാട് ഈശോമിശിഹായിൽ പൂർണ്ണമാകുന്നു( DV, 4). ഈശോയിൽ പൂർത്തിയായ ഈ വെളിപാട് നമുക്കു ലഭിക്കുന്നത് ലിഖിതവചനങ്ങളും എഴുതപ്പെടാത്ത വിശുദ്ധ പാരമ്പര്യവും കൂടിച്ചേരുന്ന ''ദൈവവചനത്തിന്റെ ഏക കലവറ''യിൽ നിന്നാണ്. ഈ ഏക കലവറ ഏല്പിക്കപ്പെട്ടിരിക്കുന്നത് തിരുസഭയുടെ ജീവിക്കുന്ന പ്രബോധനാധികാരത്തിനാണ് ( DV, 910). ഇപ്രകാരം തിരുസഭ വിശ്വസ്തതയോടെ സംരക്ഷിച്ചു പോരുന്ന ദൈവികവെളിപാടിന്റെ പൂർണ്ണത ഈശോമിശിഹാ ആയതുകൊണ്ടാണ് അവിടുന്ന് അനന്യനും അതുല്യനും ആയിരിക്കുന്നത് (uniqueness and unicity of Jesus Christ).ഈശോമിശിഹായാണ് സഭ മുഴുവനെയും മനുഷ്യവർഗ്ഗം മുഴുവനെയും പ്രകാശിപ്പിക്കുന്ന ജനതകളുടെ പ്രകാശമായ സത്യപ്രകാശം ( LG, 1). ഈ സത്യപ്രകാശത്തിലേക്ക് ലോകം മുഴുവനെയും നയിക്കുകയെന്നതാണ് തിരുസഭയുടെ നിയോഗവും പ്രേഷിതദൗത്യവും. ഇപ്രകാരം മിശിഹായിൽ പൂർത്തിയായ ദൈവിക വെളിപാടിന് മനുഷ്യൻ കൊടുക്കുന്ന മറുപടിയാണ് വിശ്വാസജീവിതം. വിശ്വാസം വഴി, മനുഷ്യൻ, വെളിവാക്കപ്പെട്ട രക്ഷാകരസത്യങ്ങൾ ബുദ്ധികൊണ്ട് അംഗീകരിക്കുകയും ദൈവകരങ്ങളിലേക്ക് തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം വെളിപാടിന്റെ പൂർണ്ണതയും നമ്മുടെ ആദിയും അന്തവുമായ ഈശോതന്നെയാണ് എല്ലാ മാനുഷിക ചോദ്യങ്ങളുടെയും മനുഷ്യപ്രശ്നങ്ങളുടെയും ആത്യന്തികമായ മറുപടി (GS, 10, 5). അങ്ങനെ ഈശോ യഥാർത്ഥ രക്ഷകനും ഏകരക്ഷകനുമായി തീരുന്നു ( LG, 14).